10457
8/5/17

**കേരള സർക്കാർ**

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - തൃശ്ശൂർ ജില്ല - ധനസഹായം അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

**റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്**

**ജി.ഒ.(ആർ.റ്റി.) നമ്പർ: 1763/17/റവ.** **തിരുവനന്തപുരം, തീയതി, 12.04.2017**

പരാമർശം : തൃശ്ശൂർ ജില്ലാ കളക്ടറുടെ 13.01.2017 ലെ കെ3/41517/2016 നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്ക് കാരമുക്ക് വില്ലേജിൽ താമസക്കാരിയായിരുന്ന വടക്കേടത്തു വീട്ടിൽ ശ്രീമതി. രാജേശ്വരിയെയും അവരുടെ 11 വയസ്സായ മകനെയും അവർക്കുകൂടി അവകാശപ്പെട്ട വീട്ടിൽ നിന്ന് പുറത്താക്കിയതിനെത്തുടർന്ന് താത്ക്കാലികമായി ഒരു വാടക വീട്ടിലേയ്ക്ക് മാറ്റി താമസിപ്പിച്ചതിനാൽ ജൂൺ മാസം മുതൽ ഡിസംബർ മാസം വരെയുള്ള വീട്ടുവാടക, കറന്റ് ചാർജ്ജ് എന്നീ ഇനത്തിൽ പ്രതിമാസം 4,500/- രൂപ നിരക്കിൽ കുടിശ്ശികയായ 31,500/- രൂപയും തുടർന്ന് ഇനി ഒരു വർഷത്തേയ്ക്കുള്ള വാടക ഇനത്തിൽ 54,000/- രൂപയും, സമാശ്വാസ ധനസഹായമായി 50,000/- രൂപയും ചേർത്ത് ആകെ 1,35,500/- രൂപ ഈ നിർദ്ധന കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് നൽകണമെന്ന് പരാമർശ കത്ത് പ്രകാരം ജില്ലാ കളക്ടർ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭർത്താവ് ഉപേക്ഷിച്ച ശ്രീമതി. രാജേശ്വരിയുടെയും മകന്റെയും ദയനീയ സ്ഥിതി കണക്കിലെടുത്ത്, ഇതൊരു പ്രത്യേക കേസായി പരിഗണിച്ച്, നിലവിലെ വ്യവസ്ഥകളിൽ ഇളവ് നൽകി, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും **1,35,500/- രൂപ (ഒരു ലക്ഷത്തി മുപ്പത്തി അയ്യായിരത്തി അഞ്ഞൂറ് രൂപ മാത്രം)** ധനസഹായം ശ്രീമതി. രാജേശ്വരിയ്ക്ക് അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

3. വിതരണത്തിനാവശ്യമായിവരുന്ന **1,35,500/- രൂപ (ഒരു ലക്ഷത്തി മുപ്പത്തി അയ്യായിരത്തി അഞ്ഞൂറ് രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക തൃശ്ശൂർ ജില്ലാ കളക്ടർക്ക് നൽകേണ്ടതും ജില്ലാ കളക്ടർ പ്രസ്തുത തുക അപേക്ഷകയ്ക്ക് അടിയന്തിരമായി നൽകി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സന്തോഷ് കുമാർ. ടി.കെ**

**ഡെപ്യൂട്ടി സെക്രട്ടറി.**

ജില്ലാ കളക്ടർ, തൃശ്ശൂർ
മുഖ്യമന്ത്രിയുടെ പി.എസ്സിന്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ഐ & പി ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

സെക്ഷൻ ഓഫീസർ